(സി) അർഹതപ്പെട്ട പെൻഷൻ അനുവദിച്ച് നൽകുവാൻ വേണ്ട നിർദ്ദേശം എറണാകുളം സോയിൽ കൺസർവേഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിക്കഴിഞ്ഞു.

## (3) വൈകി കിട്ടിയ ഉത്തരങ്ങൾ

**"ഒരുലക്ഷം രൂപവരെ വിലയുള്ള ചിട്ടികൾ നടത്താൻ സഹകരണസംഘങ്ങളെ അനുവദിക്കണമെന്ന ആവശ്യം"**

85(970) <u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുലക്ഷം രൂപവരെ വിലയുള്ള ചിട്ടി നടത്തുന്നതിന് സഹകരണ സംഘങ്ങളെ അനുവദിക്കുമെന്ന് 1997 ലെ ഗവണ്മെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നതിന് നാളിതുവരെ എന്തു നടപടിസ്വീകരിച്ചിട്ടുണ്ട്;

(സി) നയപ്രഖ്യാപന പ്രസംഗത്തെത്തുടർന്ന് ധനകാര്യവകുപ്പുമന്ത്രി ബന്ധപ്പെട്ട ഫയലിൽ ഒരുലക്ഷം രൂപവരെയുള്ള ചിട്ടികൾ നടത്തുന്നതിന് സഹകരണസംഘങ്ങളെ അനുവദിക്കണമെന്ന് 1998-ൽ ഉത്തരവായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് വീഴ്ചവരുത്തിയവർ ആരൊക്കെയാണ്;

(ഇ) ധനകാര്യ വകുപ്പുമന്ത്രി ഉത്തരവിട്ടശേഷം ബന്ധപ്പെട്ട ഫയൽ സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര ദിവസം വീതം പരിഗണിക്കപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(എഫ്) അനാവശ്യമായി കാലതാമസം വരുത്തി ഉത്തരവ് നാളിതുവരെ നടപ്പിലാക്കാതിരുന്നവർക്കെതിരെ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) ഉദിക്കുന്നില്ല

(സി)-(എഫ്) ബഹുമാനപ്പെട്ട സഹകരണമന്ത്രിയുടെ അഭ്യർത്ഥന അനുസരിച്ച് സഹകരണ സംഘങ്ങൾ നടത്തുന്ന ചിട്ടികളുടെ സല. 25000 രൂപയിൽ നിന്ന് ഒരുലക്ഷംരൂപയായി ഉയർത്തുന്നതിന് വകുപ്പുമന്ത്രി ഉത്തരവിട്ടിരുന്നു. ഇതിൻപ്രകാരം ചിട്ടി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly